**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 32</u> <u>10.12.2012-ൽ മറുപടിയ്ക്ക്</u>

## <u>എൻ.എച്ച്.47 ൽ പാലിയേക്കരയിലെ ടോൾ പിരിവ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.ഉമ്മൻചാണ്ടി**<br>(ബഹു.മുഖ്യമന്ത്രി) |
| (എ) എൻ.എച്ച്.47-ൽ പാലിയേക്കരയിലെ ടോൾ സംബന്ധിച്ച വിഷയത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ടോൾ നിരക്ക് കുറയ്ക്കുന്നതിനും ആറുമാസത്തിനുള്ളിൽ സർവ്വീസ് റോഡുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബസ്സ്ബേകൾ, ഡ്രെയിനേജ് തുടങ്ങിയ അനുബന്ധ നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതിനും എടുത്ത തീരുമാനങ്ങൾ ഇനിയും നടപ്പിലാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ബി) ടോൾ പിരിക്കുന്ന കാലാവധി വർദ്ധിപ്പിച്ചുകൊണ്ട് ടോൾ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കണമെന്നാവശ്യപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ സമീപിച്ചുവെങ്കിലും കൺസഷണയർ എഗ്രിമെന്റ് പ്രകാരം അത് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അവർ അറിയിച്ചിട്ടുണ്ട്. യോഗ തീരുമാനപ്രകാരം പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ കരയാമ്പറമ്പ് ജംഗ്ഷനിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ബഹു.പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 13.12.2012-ന് ഒരു യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ